**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** **23-01-2025 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽത്തന്നെ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് സംബന്ധിച്ച മാനദണ്ഡങ്ങൾ 28.06.2022–ലെ DRF-A1/48/2022-Rev നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പമുള്ള 6 മാസത്തിനകമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ രോഗിയുടെ പേരും മേൽവിലാസവും, രോഗവിവരങ്ങളും, IP/OP നമ്പർ, തീയതി, ചികിൽസാചെലവ്, ആശുപത്രിയുടെ സീൽ, ഡോക്ടറുടെ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള നെയിം സീൽ തുടങ്ങിയ വിവരങ്ങളും ഉണ്ടായിരിക്കണം. |
| (ബി) | തിരുവനന്തപുരം ആർ.സി.സി. നൽകുന്ന ക്യാൻസർ രോഗിയാണെന്നുള്ള സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ചികിത്സാ സഹായത്തിന് അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽത്തന്നെ വേണം എന്ന കാരണം പറഞ്ഞ് നിരസിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ